പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 631** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി പദാർത്ഥങ്ങൾ കണ്ടെത്തിയതിന്മേലുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളിയിൽ വെച്ച് ഒരു ലോറി നിറയെ ലഹരി പദാർത്ഥങ്ങളുമായി പിടികൂടിയ ശേഷം കുറ്റവാളികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി പ്രദേശത്ത് ഒരു ലോറി നിറയെ ലഹരിപദാർത്ഥങ്ങൾ പിടികൂടിയത് പോലീസ് വകുപ്പാണ്. ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം. 40/23 U/s: 6 r/w 24 of COTPA, 118(i) of KP Act, 77 of JJ Act പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ കരുനാഗപ്പള്ളി JFMC-1 കോടതിയിൽ അന്തിമ റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതാണ്. നിലവിൽ ടി കേസ് കൊല്ലം First Addl.Dist. Sessions കോടതിയിൽ SC 1803/25 നമ്പരായി വിചാരണ നടന്നു വരുന്നു.

**(ബി)** പ്രസ്തുത കേസ് ഇപ്പോൾ ഏത് കോടതിയിലാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത കേസ് നിലവിൽ ബഹു. First Addl. Dist. Sessions കൊല്ലം കോടതിയുടെ പരിഗണനയിലാണ്.

**(സി)** കുറ്റവാളികളെ രക്ഷപ്പെടുത്താൻ പോലീസും എക്സൈസും ഒത്തുകളിച്ചതായുള്ള ആക്ഷേപം പൊതുജനമധ്യത്തിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസുമായി എക്സൈസ് വകുപ്പിന് യാതൊരു ബന്ധവുമില്ല.

**(ഡി)** പ്രസ്തുത കേസ് ചട്ടപ്രകാരം പുനരന്വേഷിക്കുമോ എന്നും കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുമോ എന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(ഇ)** പ്രസ്തുത കുറ്റകൃത്യത്തിന് രാഷ്ട്രീയമായ സംരക്ഷണം നൽകിയത് ആലപ്പുഴ ജില്ലയിലെ ഒരു ജനപ്രതിനിധിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ജനപ്രതിനിധി ഇപ്പോഴും തൽസ്ഥാനത്ത് തുടരുന്നുണ്ടോ; എങ്കിൽ, തിരഞ്ഞെടുപ്പ് ചട്ടപ്രകാരം ടി ജനപ്രതിനിധിയെ അയോഗ്യനാക്കുന്നതിനും ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികളൊന്നും എക്സൈസ് വകുപ്പിന് ലഭിച്ചിട്ടില്ല.

**(എഫ്)** ഇത്തരത്തിലുള്ളവരുടെ സ്വത്ത് വിവരങ്ങൾ അന്വേഷിച്ച്, അനധികൃതമായി സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(ജി)** പ്രസ്തുത ലഹരിക്കടത്തിന് ചട്ടപ്രകാരം കേസ് എടുക്കാതിരുന്ന എക്സൈസ്, പോലീസ് അധികാരികളുടെ മേൽ നടപടികൾ സ്വീകരിക്കുമോ എന്നും ആലപ്പുഴ ജില്ലയിലെ കായംകുളം, ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, ചെങ്ങന്നൂർ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വ്യാജ ലഹരി സംഘങ്ങൾ പരസ്പരം സഹകരിച്ച് ലഹരികച്ചവടം നടത്തുന്നു എന്ന പൊതുജനാക്ഷേപം അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** ആലപ്പുഴ ജില്ലയിൽ കണ്ടെത്തുന്ന ലഹരി കേസുകളിൽ ലഹരിവസ്തുക്കളുടെ ഉറവിടവും വിതരണശൃംഖലയും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ഊർജിതമായ അന്വേഷണം നടത്തിവരുന്നു. ലഹരി ഇടപാടുകളിൽ ഏർപ്പെടുന്നവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനുമായി രഹസ്യാന്വേഷണ പ്രവർത്തനങ്ങളും ശക്തമാക്കിയിട്ടുണ്ട്. 2026 ജനവരി 1 മുതൽ 2026 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ കായംകുളം, ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, ചെങ്ങന്നൂർ എന്നീ മണ്ഡലങ്ങളിൽ നിന്നായി 550 അബ്കാരി കേസുകളും 410 NDPS കേസുകളും 2,267 COTPA കേസുകളും കണ്ടെത്തിയിട്ടുണ്ട്. കായംകുളം, ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, ചെങ്ങന്നൂർ എന്നീ മണ്ഡലങ്ങളിൽ ലഹരി സംഘങ്ങൾ പരസ്പരം സഹകരിച്ച് ലഹരി വ്യാപാരം നടത്തുന്നതായുള്ള പൊതുജനാക്ഷേപം പരിശോധിച്ച്, വസ്തുതകൾ കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തികളെയും സംഘങ്ങളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**